"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2026-27 സാമ്പത്തിക വർഷത്തിൽ 2026 ജൂൺ മുതൽ 2026 ഓഗസ്റ്റ് വരെയുള്ള കാലയളവിലെ ശമ്പളച്ചെലവുകൾക്കായി രണ്ടാം ഗഡു അനുദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.710/2026/AGRI തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:- 1) ധനകാര്യ വകുപ്പിന്റെ 04.01.2021 തീയതിയിലെ 01/2021/ധന നമ്പർ പരിപത്രം.

2) സ.ഉ.(സാധാ) നം.471/2026/AGRI തീയതി 18-05-2026.

3) കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 29/06/2026 തീയതിയിലെ എ.1/2106/25/കെ.എസ്.എഫ്.ഡി.ആർ.സി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2026-27 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ ശമ്പളയിനത്തിലെ ചെലവുകൾക്ക് 145.06 ലക്ഷം രൂപയും 2401-00-104-86(01)-36 [NP(V)] ശീർഷകത്തിൽ ശമ്പളേതരയിനത്തിലെ ചെലവുകൾക്ക് 58.11 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷന് 2026-27 വർഷത്തിലെ ബഡ്ജറ്റിൽ 2401-00-104-86-(01)-31 [NP] ശീർഷകത്തിൽ വകയിരിത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് സൂചന (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം 04/2026 മുതൽ 06/2026 വരെയുള്ള മാസങ്ങളിലെ ശമ്പളച്ചെലവുകൾക്ക് 29 ലക്ഷം രൂപയും ശമ്പളേതര ചെലവുകൾക്ക് 12 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

(2) കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2026-27 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് 06/2026 മുതൽ 08/2026 വരെയുള്ള

ശമ്പളയിനത്തിലെ ചെലവുകൾക്കായി **54,09,000/-** രൂപ അനുവദിക്കണമെന്നും, കൂടാതെ പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **STSB Account No.701011400000151** ലേയ്ക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയും കൂടി നൽകണമെന്നും കമ്മീഷൻ സെക്രട്ടറി സൂചന **(3)** പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**(3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2401-00-104-86-(01)-31 [NP(V)]** ശീർഷകത്തിന്റെ **budgetary ceiling (57.28%)** ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ സൂചന **(1)**-ലെ പരിപത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് **2026-27** സാമ്പത്തിക വർഷത്തിൽ **2401-00-104-86-(01)-31 [NP(V)]** എന്ന ശീർഷകത്തിൽ നിന്ന് **2026** ജൂൺ മുതൽ **2026** ഓഗസ്റ്റ് വരെയുള്ള കാലയളവിലെ ശമ്പളച്ചെലവുകൾക്കായി രണ്ടാം ഗഡുവായി **54,09,000/-** (അൻപത്തി നാല് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) രൂപ റിലീസ് ചെയ്ത് നൽകുന്നതിനും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **STSB Account No.701011400000151** ലേയ്ക്ക് മാറ്റി നൽകുന്നതിനും കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**(4)** ഭാവിയിൽ അധിക ഫണ്ട് അനുവദിക്കുന്നതിനായി ശീർഷകത്തിന്റെ ബജറ്റ് സിലിംഗ് പരിധി ഉയർത്തുന്നതിനുള്ള ശിപാർശ സമർപ്പിക്കുമ്പോൾ നിർദ്ദേശങ്ങളോടൊപ്പം **BAMS**-ലെ **Ceiling Enhancement Module**-ൽ സമർപ്പിച്ച അപേക്ഷയുടെ പകർപ്പുകൾ കൂടി സമർപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് **(27-07-2026** തീയതിയിലെ **3497889/Agri-C2/70/2026-FIN** റിമാർക്ക്സ് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Pradeep M S
Date: 30-07-2026
10:24:32
സെക്ഷൻ ഓഫീസർ